# സ്മൃതി രേഖകൾ

## സാഹിത്യത്തിൽ ആപാദചൂഡം മുങ്ങിയ അദ്ധ്യാപകരും തേജസ്സുറ്റ സൗഹൃദങ്ങളും നിറഞ്ഞ കരുനാഗപ്പള്ളിയിലെ വിദ്യാർത്ഥി ജീവിതം

■ **പന്മന രാമചന്ദ്രൻ നായർ**

കരുനാഗപ്പള്ളി ഇംഗ്ലീഷ് ഹൈസ്കൂൾ, അന്ന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കൂടി ഒരു സ്കൂളാണ്. അടുത്തെങ്ങും ഹൈസ്കൂളില്ല. സി.എസ്സ്. സുബ്രഹ്മണ്യൻ പോറ്റിയായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. അദ്ദേഹത്തിന്റെ പിൻഗാമിയായ നെടുമുടി സ്വദേശി വി.എ. നാരായണപിള്ളസാറാണ് ഞാൻ ചേരുമ്പോഴത്തെ ഹെഡ്മാസ്റ്റർ. ഞാൻ ശാസ്ത്രിപരീക്ഷ സെക്കൻഡ് ക്ലാസ്സിൽ ജയിച്ചിരിക്കുകയാണ്. അതു മികച്ച വിജയമാണെന്ന് എന്റെ അദ്ധ്യാപകരെല്ലാം പറഞ്ഞിരുന്നു. നാരായണപിള്ളസാർ പറഞ്ഞു: "'ശാസ്ത്രി' ജയിച്ചവരെ ഫോർത്ത്ഫോമിൽ ചേർക്കാൻ അനുവാദമുണ്ട്. പക്ഷേ, അവർ കണക്കിനും ഇംഗ്ലീഷിനും മോശമായതുകൊണ്ട് ആദ്യവർഷം തോറ്റുപോകുകയാണു പതിവ്. തേഡ്ഫോമിൽ ചേർന്നാൽ കുഴപ്പമൊന്നുമില്ലാതെ പഠിച്ചുപോകാം. എന്താ വേണ്ടത്?"

അച്ഛൻ പറഞ്ഞു: "എന്നാൽ തേഡ്ഫോമിൽ മതി."

അങ്ങനെ ഞാൻ തേഡ്ഫോമിൽ ചേർന്നു. തേഡ്ഫോമിൽ ഫീസൊടുക്കി പബ്ലിക്പരീക്ഷയുണ്ട്. പരീക്ഷയിൽ എനിക്ക് ഒന്നാം ക്ലാസ്സും അടുത്ത മൂന്നു വർഷത്തേക്ക് സ്കോളർഷിപ്പും കിട്ടി. പിന്നെ ഒന്നു രണ്ടു തവണ മറ്റദ്ധ്യാപകരോട് ഞാൻ കേൾക്കെ നാരായണപിള്ളസാർ പറഞ്ഞിരുന്നു, "രാമചന്ദ്രൻനായരുടെ ഒരു വർഷം നഷ്ടപ്പെടുത്തിയതു ഞാനാണെ"ന്ന്. തേഡ്ഫോമിൽ എന്നോടൊപ്പം, ശാസ്ത്രിപ്പരീക്ഷയിൽ തോറ്റവരും ഉണ്ടായിരുന്നു. അന്നത്തെ അദ്ധ്യാപകരിൽ മൂന്നുപേരെയാണ് നന്നായോർക്കുന്നത്. കണക്കു പഠിപ്പിച്ച തണ്ടാശ്ശേരി വർഗ്ഗീസ് സാർ. നല്ല അദ്ധ്യാപകൻ. ഓർമ്മയിൽ തെളിഞ്ഞുനില്ക്കുന്നത് അദ്ദേഹത്തിന്റെ പഴഞ്ചൊല്ലുകളും തത്ത്വചിന്തയുമാണ്. ഒരെണ്ണം: മരണസമയത്ത് 'കുഴപോകിന തൂശി പോലും കൂടെ വരാത്.' തുടർന്ന് അദ്ദേഹം എല്ലാവരെയും നോക്കി ചോദിക്കും, "എന്താണ്?" അപ്പോൾ ഞങ്ങളെല്ലാം ചേർന്ന് ഏറ്റുപറയും "കുഴ പോകിന തൂശിപോലും കൂടെ വരാത്".

ഇംഗ്ലീഷ് പഠിപ്പിച്ച ഡാനിയൽസാർ കൊല്ലകനിന്നു വരുന്നതിനാൽ കുറെ ദൂരം ഞങ്ങളൊന്നിച്ചാണു യാത്ര. പാഠങ്ങളിലെ സാഹിത്യാസ്വാദനവും വ്യാകരണാദ്ധ്യാപനവും ഒന്നുപോലെ നന്നായി നിർവഹിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. അദ്ദേഹം ഉറപ്പിച്ചുതന്ന വ്യാകരണപാഠങ്ങൾ ഹൈസ്കൂൾ ക്ലാസ്സുകളിലാകെ പ്രയോജനപ്പെട്ടു. മലയാളാദ്ധ്യാപകനായ കോതമംഗലത്തു പരമേശ്വരൻപിള്ളസാർ പന്മനയുടെ കിഴക്കേ വില്ലേജായ തേവലക്കര നിന്നു വരുന്നു. ഞാനും കൂട്ടരും റോഡിൽ കയറിക്കഴിഞ്ഞുള്ള ദൂരം മുഴുവൻ സാർ വിയർപ്പിൽ മുങ്ങിയ ഖദർ ജൂബയുമായി ഞങ്ങളോടൊപ്പമായിരിക്കും. അദ്ദേഹം പണ്ഡിതനാണ്. പാഠം നന്നായി പഠിപ്പിക്കുന്നതിനു പുറമെ പൊതുവായ പല സാഹിത്യകാര്യങ്ങളും പറഞ്ഞുതരും.

തനി ഗ്രാമാന്തരീക്ഷമുള്ള പ്രൈമറിസ്കൂളിലും സംസ്കൃതസ്കൂളിലുമായി പത്തുവർഷം ഒതുങ്ങിക്കഴിഞ്ഞിരുന്ന എനിക്ക് ദിനംപ്രതി താലൂക്കുതലസ്ഥാനത്തേക്കുള്ള യാത്രയും വിശാലലോകവുമായുള്ള ബന്ധങ്ങളും അത്യന്തം ആഹ്ലാദകരമായി. തേവലക്കരയുടെ കിഴക്കേയറ്റത്തുനിന്നേ നടന്നു വരുന്നവരാണ് എത്രയോ കൂട്ടുകാർ. കൊല്ലം–ആലപ്പുഴ മെയിൻ റോഡിലൂടെമാത്രം ഓടുന്ന വളരെച്ചുരുക്കം എം.എസ്.എസ്. ബസ്സുകളേ അന്നുള്ളൂ. കുട്ടികളാരും ബസ്സിൽ വരുന്നില്ല. ഏഴും എട്ടും കിലോമീറ്റർ നടന്നു വരുന്നതൊന്നും പ്രയാസമായിട്ട് ആർക്കും തോന്നിയിരുന്നില്ല. ഞങ്ങളുടെ അദ്ധ്യാപകർ പഠിക്കുന്ന കാലത്ത് കരുനാഗപ്പള്ളിയിലൊന്നും ഹൈസ്കൂളില്ല. കരുനാഗപ്പള്ളിക്കു വടക്കുള്ളവർപോലും മെയിൻ റോഡ് വഴി തെക്കോട്ടു നടന്നു ചെന്ന് ചവറ ഗവൺമെന്റ് ഹൈസ്കൂളിലാണ് പഠിച്ചിരുന്നത്.

അന്ന് വഴിയിലുള്ള കന്നേറ്റിപ്പാലം ഇന്നത്തെപ്പാലത്തിനു വടക്കുവശത്ത് താഴെക്കൂടിയുള്ള മരപ്പാലമായിരുന്നു. റോഡിന് ഇരുവശവും ചെറിയ തോടുകളുണ്ട്. കൂട്ടുകാരുടെ കൈതട്ടിയോ മറ്റോ ചോറ്റുപാത്രം റോഡിൽ വീണ് ചോറുകളഞ്ഞുപോയാൽ അടുത്തുള്ള തോട്ടിൽ പാത്രം കഴുകി ഒന്നും സംഭവിക്കാത്തമട്ടിൽ നടന്നുകൊള്ളുക തന്നെ. പിന്നെ ഉച്ചയ്ക്ക് വായുഭക്ഷണം. സ്കൂളിന്റെ തൊട്ടുകിഴക്കുവശത്തായി വിദ്യാധിരാജാ ടാക്കീസ് എന്ന ഓലമേഞ്ഞ സി

നിമാക്കൊട്ടകയുണ്ട്. പ്രധാനപരീക്ഷ തീരുന്ന ദിവസം അവിടെ ഒരു സിനിമ കാണാൻ അനുവാദമുണ്ട്. ഞങ്ങളുടെ കുടുംബസുഹൃത്തായ ഗോപാലപിള്ള വക്കീലിന്റെ മകൻ രാജൻ എന്റെ സഹപാഠിയാണ്. അവന്റെ വീട്ടിൽ കിടന്നുറങ്ങിയിട്ട് രാവിലെ വന്നാൽ മതി.

## കണക്കിലെ കവിത

ഹൈസ്കൂളിൽ ഓപ്ഷനൽ സിസ്റ്റമാണ്. തൊട്ടു മുൻ വർഷത്തിൽ അതാരംഭിച്ചു. ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്-ഫസ്റ്റ് ഗ്രൂപ്പ്. ഫിസിക്സ്, കെമിസ്ട്രി, ബയോളജി-സെക്കൻഡ് ഗ്രൂപ്പ്. തേഡ് ഗ്രൂപ്പിൽ ആർട്ട്സ് വിഷയങ്ങൾ. അതിൽത്തന്നെ പൊളിറ്റിക്സിനു പകരം ഓപ്ഷനൽ മലയാളം ചേർത്തുള്ള ഫോർത്ത് ഗ്രൂപ്പുമുണ്ട്. ഞാൻ ഫസ്റ്റ് ഗ്രൂപ്പിൽ ചേർന്നു. എന്റെ ബന്ധുവായ ശാസ്ത്രിസാർ ഓപ്ഷനൽ മലയാളക്കാർക്കാണ് ക്ലാസ്സെടുത്തിരുന്നത്. ശാസ്ത്രിസാർ കോട്ടയ്ക്കകം കെ.പി. ശാസ്ത്രികൾ എന്ന പേരിൽ വളരെ നല്ല കവിതകൾ എഴുതിയിരുന്നു. രണ്ടു സമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചെറുപ്പത്തിൽ അദ്ദേഹം മൂവാറ്റുപുഴയിൽ ഉണ്ടായിരുന്നപ്പോൾ കഥാപ്രസംഗം നടത്തിയിരുന്നു. പിന്നീട് പ്രസിദ്ധകാഥികനായിത്തീർന്ന കെ.കെ. വാദ്ധ്യാർക്ക് ഇദ്ദേഹം അന്ന് കഥാപ്രസംഗം സംബന്ധിച്ച് പല നിർദ്ദേശങ്ങൾ നല്കിയിരുന്നതായി വാദ്ധ്യാർതന്നെ എന്നോടു പറഞ്ഞിട്ടുണ്ട്. പിൽക്കാലത്ത് സാർ എനിക്കയച്ച കത്തുകൾ പലപ്പോഴും സംസ്കൃതത്തിലായിരുന്നു. അദ്ദേഹം മൂന്നു കൊല്ലം മുൻപു മരണമടഞ്ഞു.

ഫോർത്തിൽ ഞങ്ങളുടെ മലയാളാദ്ധ്യാപകൻ മഹോപാദ്ധ്യായ നീലകണ്ഠപ്പിള്ളസാറായിരുന്നു. അദ്ദേഹം കുറച്ചുകാലം കായംകുളത്ത് ട്യൂട്ടോറിയൽ കോളജിൽ അദ്ധ്യാപകനായിരുന്നു. അന്ന് അവിടെ പ്രസിദ്ധകവി ചങ്ങമ്പുഴ കൃഷ്ണപിള്ളയും പഠിപ്പിച്ചിരുന്നു. ചങ്ങമ്പുഴ പല കുസൃതിപ്പണികളും നടത്തിയിരുന്നത്രേ. ഒരെണ്ണം: "സാറും ചങ്ങമ്പുഴയും കൂടി നടക്കാനിറങ്ങി. പ്രാകൃതവേഷം ധരിച്ച ഒരു പെൺകുട്ടി ചെറിയ ഒരു വട്ടിയിൽ അരിയും പലവ്യഞ്ജനങ്ങളും വാങ്ങിക്കൊണ്ട് എതിരെ വരുകയായിരുന്നു. ചങ്ങമ്പുഴ അവളെ തടഞ്ഞുനിർത്തി വട്ടിയിൽ എന്തൊക്കെയാണെന്നു പരിശോധിച്ചറിഞ്ഞു. എന്നിട്ട് പൊയ്ക്കൊള്ളാൻ പറഞ്ഞു. പക്ഷേ, പോകാൻ തുടങ്ങിയ ഉടനേ ചങ്ങമ്പുഴ മനഃപൂർവം വട്ടിയിൽ ഒരു ചെറിയ തട്ടുകൊടുത്തു. സാധനങ്ങൾ റോഡിലാകെ ചിതറിവീണതോടെ പെൺകുട്ടി അന്തംവിട്ടു നിലവിളിച്ചു. ചങ്ങമ്പുഴ കുറെനേരം ആ നിലവിളി നോക്കിനിന്നു. പിന്നെ അവളെ കൂട്ടിക്കൊണ്ട് പലവ്യഞ്ജനക്കടയിലേക്കുപോയി. വട്ടിയിൽ നേരത്തേ ഉണ്ടായിരുന്നതിനെക്കാൾ കൂടുതൽ സാധനങ്ങൾ വാങ്ങിക്കൊടുത്തു. കുറച്ചു ചില്ലറ നാണയങ്ങളും വട്ടിയിൽ ഇട്ടുകൊടുത്തിട്ടു ചങ്ങമ്പുഴ മിണ്ടാതെ നടന്നുപോയി. സാറും കൂടെ നടന്നു. ആ നടന്ന കാര്യങ്ങളെക്കുറിച്ച് പിന്നെ സാറിനോട് ഒന്നും പറഞ്ഞില്ലത്രേ." ഇത്രയുമായപ്പോൾ സാറിനോടു ഞങ്ങൾ ചോദിച്ചു: "സാർ, ചങ്ങമ്പുഴ എന്തിനാണ് അങ്ങനെ ചെയ്തത്?" സാർ: "ആ... ആർക്കറിയാം? അദ്ദേഹം ചിലപ്പോൾ അങ്ങനെയാണ്. ചോദിച്ചാൽ ഒന്നും പറയില്ല."

വലിയ തമ്പാൻ (കൊച്ചുണ്ണിത്തിരുമുൽപ്പാട്-സി.എസ്. സുബ്രഹ്മണ്യൻ പോറ്റിയുടെ മകളുടെ ഭർത്താവ്) സാർ കെമസ്ട്രി പഠിപ്പിച്ചു, മൂന്നു വർഷവും. കാര്യമാത്രപ്രസക്തം. കൊച്ചുതമ്പാൻ(രാമവർമ്മത്തമ്പാൻ -സി.എസ്സിന്റെ മകൻ) സാർ കണക്കും ഊർജ്ജ

പന്മന രാമചന്ദ്രൻ നായർ

ഫോട്ടോ: എ.ജി. അതുൽലാൽ



തന്ത്രവും പഠിപ്പിച്ചു. ഹൈസ്കൂൾ ഹെഡ്മാസ്റ്ററും ഡി.ഇ. ഒ.യും ആയിരുന്ന ജി. ശങ്കരപ്പിള്ളസാർ എഴുതിയ കണക്കുപുസ്തകത്തിൽ ജ്യോമട്രി തിയറിപോലും അനുഷ്ടുപ്പ് പദ്യങ്ങളിലെഴുതി രസകരമാക്കിയിരുന്നു.

ഉദാ: 'പാദം ഗുണം ലംബമത്രേ
സാമാന്തരികവിസ്തൃതി', 'ഋജുരേഖകൾ ഖണ്ഡിച്ചാൽ
എതിർകോണങ്ങൾ തുല്യമാം'

ഊർജ്ജതന്ത്രവും കണക്കും കൊച്ചുതമ്പാൻ സാർ ഏറ്റവും രസകരമാക്കിയിരുന്നു. അദ്ദേഹം കുട്ടികളെയെല്ലാം സുഹൃത്തുക്കളായിക്കരുതി. സ്കൂൾ വിട്ടാലുടൻ തൊട്ടടുത്തുള്ള ഗ്രൗണ്ടിൽ കുട്ടികളുമായിച്ചേർന്നു ഫുട്ബാൾ കളിക്കും. ഹെഡ്മാസ്റ്റർ നാരായണപിള്ള സാർ ഇംഗ്ലീഷാണ് പഠിപ്പിച്ചത്. ഗദ്യമായാലും പദ്യമായാലും സാറിന്റെ ക്ലാസ്സ് ഗംഭീരമായിരിക്കും. പതുക്കെയേ സംസാരിക്കൂ. മലയാളകവിതയും ഏറ്റവും ആസ്വാദ്യമായി പഠിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. അദ്ദേഹം നല്ല കവിയാണ്. പക്ഷേ, എഴുതുന്നതു വല്ലപ്പോഴും മാത്രം. നീലകണ്ഠ തീർത്ഥപാദരുടെ ജീവചരിത്രമെഴുതിയ ശ്രീവർദ്ധനത്ത് എൻ. കൃഷ്ണപിള്ള എന്ന സാഹിത്യകാരനും – എസ്സ്.എൻ. കൃഷ്ണപിള്ളസ്സാർ – രണ്ടുവർഷം ഇംഗ്ലീഷ് പഠിപ്പിച്ചു. സാഹിത്യപണ്ഡിതനും വ്യാകരണപണ്ഡിതനുമാണദ്ദേഹം. പേടിച്ച് കുട്ടികൾ അടങ്ങിയിരിക്കും. ക്ലാസ്സ് തീരെ രസകരമല്ല. ഒരു ചോദ്യം മൂന്നു നാലു പേരോടു ചോദിച്ചിട്ട് ആരും ഉത്തരം പറഞ്ഞില്ലെങ്കിൽ സാർ പറയും: ''രാവിലെ കുളിക്കുമ്പോൾ തലയിൽ ചിരട്ട കൊണ്ടു മാന്തണം. ബുദ്ധി തെളിയും''. കോയിവിളക്കാരൻ പാരിക്കൽ രാഘവൻപിള്ളസാർ ചരിത്രം പഠിപ്പിച്ചു. തേഡ് ഫോറം മുതൽ ഹിന്ദി പഠിപ്പിച്ചിരുന്നത് വൈക്കത്തുകാരൻ രാമൻപിള്ള സാറാണ്. അദ്ദേഹം കുറച്ചുപേർക്കു ട്യൂഷൻ തന്നതുകൊണ്ട് ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയുടെ ചില പരീക്ഷകൾ ജയിക്കാൻ എനിക്കു കഴിഞ്ഞു. അവസാനവർഷത്തിൽ ഹിന്ദി പഠിപ്പിച്ച ഗോമതി ടീച്ചർ സമർത്ഥയായിരുന്നു. ടീച്ചർ ഞങ്ങളെക്കൊണ്ട് ഹിന്ദിയിൽ സംസാരിപ്പിക്കും.

എന്റെ അടുത്ത സുഹൃത്ത് വലിയതമ്പാൻ സാറിന്റെ അനന്തരവൻ കുഞ്ഞിക്കുട്ടൻ എന്ന രവിവർമ്മ ആയിരുന്നു. ഞങ്ങൾ ഇരുവരുംകൂടി 'വിദ്യാർത്ഥി' എന്ന കൈയെഴുത്തുമാസിക തുടങ്ങി. വേറെ ഒരു 'വിദ്യാർത്ഥി'യുണ്ടെന്നറിഞ്ഞപ്പോൾ അതു നിർത്തിയിട്ട് 'കൈരളി' തുടങ്ങി. കുറെ ലക്കങ്ങൾ ഇറക്കാൻ കഴിഞ്ഞു. നാരായണപിള്ള സാറിനോടും ഞങ്ങൾ കവിത ആവശ്യപ്പെട്ടു. സാർ ക്ഷണിച്ചതനുസരിച്ച് വീട്ടിൽച്ചെന്ന് അദ്ദേഹത്തിന്റെ നോട്ടുബുക്കിൽനിന്നു രണ്ടു കവിത പകർത്തിയെടുത്തു. രണ്ടുലക്കത്തിലായി ചേർക്കുകയും ചെയ്തു.

രവിവർമ്മയും ഞാനും തമ്മിൽ പദ്യക്കത്തെഴുതുക പതിവായിരുന്നു. നാലു ദിവസം അവധിയായാൽ മതി, ഇരുപതോ നാല്പതോ പദ്യങ്ങൾ കത്തിന്റെ രൂപത്തിൽ എഴുതും. പിന്നെക്കാണുമ്പോൾ നേരിട്ടു കൊടുത്തെന്നും വരും. നീണ്ട അവധിക്കാലത്ത്, അൻപതും നൂറും പദ്യങ്ങൾ പലതവണ എഴുതിയയച്ചിട്ടുണ്ട്. താലൂക്കു കച്ചേരിയിൽനിന്ന് അല്പം പടിഞ്ഞാറോട്ടുചെല്ലുമ്പോൾ വലത്തുവശത്ത് സി.എസ്. പണിയിച്ച 'ശാർക്കരക്കോവിലക

പന്മനയും പത്നിയും



ത്താണ് വലിയ തമ്പാൻ സാറും കൊച്ചുതമ്പാൻ സാറും താമസിക്കുന്നത്. അവിടെയാണ് രവിവർമ്മയും. കൊച്ചുതമ്പാൻ സാറിന്റെ ഭാര്യ ഓമനച്ചേച്ചി സത്കാരപ്രിയയാണ്. എന്തെങ്കിലും തരാതെ ഒരിക്കലും എന്നെ അയച്ചിട്ടില്ല. ജീവിതത്തിലാദ്യമായി എന്റെ ഫോട്ടോ എടുത്തത് കൊച്ചുതമ്പാൻ സാറാണ്. ശാർക്കരക്കോവിലകത്തിന്റെ വടക്കുവശത്തുള്ള മരങ്ങൾക്കിടയിൽ നിർത്തി രവിവർമ്മയുടെയും എന്റെയും മറ്റൊരു കൂട്ടുകാരനായ രാമനാഥയ്യരുടെയും പടം എടുത്തു. അവിടത്തെ ഒരു മുറിയിൽത്തന്നെ 'ഡാർക് റൂം' ഒരുക്കിയാണ് അദ്ദേഹം ഫിലിം ശരിയാക്കുന്നത്.

## വിദ്യാർത്ഥി കോൺഗ്രസ്

അന്ന് അവിടെ രണ്ടു വിദ്യാർത്ഥി സംഘടനകളുണ്ടായിരുന്നു– സോഷ്യലിസ്റ്റ് ചായ്‌വുള്ള വിദ്യാർത്ഥികോൺഗ്രസ്സും കമ്മ്യൂണിസ്റ്റ് ചായ്‌വുള്ള വിദ്യാർത്ഥിയൂണിയനും. ഞാൻ വിദ്യാർത്ഥികോൺഗ്രസ്സിലായിരുന്നു. എൻ. ശ്രീകണ്ഠൻ നായരും കെ. ബാലകൃഷ്ണനുമൊക്കെയായിരുന്നു ഞങ്ങളുടെ നേതാക്കൾ. സ്കൂളിലെ പ്രധാനികൾ വി. അഹമ്മദുകുട്ടിയും പുതുവീട്ടിൽ ഗോപാലകൃഷ്ണപിള്ളയുമായിരുന്നു. ഗോപാലകൃഷ്ണപിള്ള അവധിദിവസങ്ങളിൽ തേവലക്കരയിലെ വീട്ടിൽനിന്ന് എന്റെ വീട്ടിലെത്തും. ഞങ്ങളൊന്നിച്ചാണ് ഓരോ പ്രവർത്തനത്തിനു പോവുക. അഹമ്മദുകുട്ടി 'ഹയർ' എന്ന മലയാളം ഒൻപതാംക്ലാസ് ജയിച്ചതിനു ശേഷമാണ് ഇംഗ്ലീഷ് ഹൈസ്കൂളിൽ ചേർന്നത്. നല്ല വാക്സാമർത്ഥ്യമുണ്ട്; പ്രസന്നതയും. വിദ്യാർത്ഥികോൺഗ്രസ്സിന്റെ വാർഷികസമ്മേളനത്തിനുവേണ്ടി പണപ്പിരിവിനിറങ്ങിയപ്പോഴത്തെ ഒരു പ്രയോഗം ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്നു. ഞങ്ങൾ നാലുപേർ ചവറയിൽ പിരിവിനിറങ്ങിയിരിക്കുകയാണ്. ശങ്കരൻ തമ്പിയുടെ അനന്തരവൾ ശങ്കരമംഗലത്തു ചെല്ലമ്മപ്പിള്ളയുടെ വീട്ടിൽ ചെന്നു. പന്മന ആശ്രമത്തിൽ കുമ്പളത്തു ശങ്കുപ്പിള്ള ഈ അമ്മയുമായി വളരെ ബഹുമാനത്തോടുകൂടി സംസാരിച്ചിരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. ഓണക്കാലമാണ്. അരിയുണ്ട, അവൽ, പഴം, ചായ ഒക്കെ കിട്ടി. അമ്മ ഞങ്ങളുമായി വളരെ സ്നേഹപൂർവം സംസാരിച്ചുകൊണ്ടിരുന്നു. കുറച്ചുസ



സി. അച്യുതമേനോൻ

മയം കഴിഞ്ഞപ്പോൾ അഹമ്മദുകുട്ടി പറഞ്ഞു: "ഞങ്ങൾ അമ്മയെ കാണാൻ വരുന്നതു വളരെ സന്തോഷത്തോടു കൂടിയാണേ! കാര്യമെന്താന്നുവച്ചാൽ, കുമ്പളത്തദ്ദേഹവും ഞങ്ങക്കു നല്ല സംഭാവന തരും. പക്ഷേ, ഞങ്ങളെ നിറുത്തി താമസിപ്പിക്കും." പിന്നെ രണ്ടുമിനിട്ടിനുള്ളിൽ അമ്മ നല്ല ഒരു സംഭാവന തന്നു ഞങ്ങളെ യാത്രയാക്കി. അഹമ്മദുകുട്ടി കേരള ഹൈക്കോടതിയിൽ അഭിഭാഷകനാണ്. കുടുംബത്തോടൊപ്പം കരുനാഗപ്പള്ളിയിലെ ഇടക്കുളങ്ങരയിൽ താമസിക്കുന്നു. ചെറുപ്പത്തിൽ ഞങ്ങളുടെ കവിതകൾ 'പ്രഭാതം' വാരാന്ത്യപ്പതിപ്പിന്റെ ഒരേ പേജിൽ വന്നിട്ടുണ്ട്. ഗോപാലകൃഷ്ണപിള്ള പോലീസ് വകുപ്പിൽ ഉന്നതോദ്യോഗസ്ഥനായിരുന്ന് വിരമിച്ചു.

## കളയ്ക്കാടിന്റെ വെല്ലുവിളി

1948. ഞങ്ങളുടെ സ്കൂളങ്കണം. സമയം 9.30. അവിടെ പടർന്നു പന്തലിച്ചുനിൽക്കുന്ന കൂറ്റൻ തണൽമരത്തിന്റെ ചുവട്ടിലുള്ള മണ്ഡപത്തിൽ കയറിനിന്ന് ഒരു വിദ്യാർത്ഥി ആവേശത്തോടെ പ്രസംഗിക്കുകയാണ്: "പണ്ഡിറ്റ് ജവാഹർലാൽനെഹ്രുവിനെ ഞാൻ വെല്ലുവിളിക്കുന്നു..............." തീരെ മെലിഞ്ഞ ശരീരം. രാവിലെ ചീകിയതാണെങ്കിലും ഇളകിവീഴുന്ന മുള്ളൻ മുടി. കട്ടികുറഞ്ഞ വെള്ളത്തുണികൊണ്ടുള്ള ഇറുകിയ ജൂബയുടെ കൈ ചുരുട്ടിവച്ചിരിക്കുന്നു. വലിച്ചുവാരിയുടുത്തതും കണങ്കാലിന്റെ പകുതിയോളം എത്തിനിൽക്കുന്നതുമായ മുണ്ട്. ചൂണ്ടുവിരൽ നീണ്ടുനില്ക്കുന്ന വലം കൈ ഇടയ്ക്കിടയ്ക്ക് ആകാശത്തേക്കെറിയുന്നു. തുളഞ്ഞുകയറുന്ന നോട്ടം ചുറ്റും നിൽക്കുന്നവരിലേക്ക് കറങ്ങിക്കൊണ്ടിരിക്കുന്നു. ഈ ദൃശ്യം ക്ലാസ്സാരംഭിക്കുന്നതിനു മുൻപ് പല ദിവസങ്ങളിലും ആവർത്തിച്ചു. പണിമുടക്കിനുവേണ്ടിയുള്ള ആഹ്വാനമൊന്നുമല്ല. മിക്കതും പ്രതിഷേധപ്രസംഗങ്ങൾ. ബെല്ലടിക്കുന്നതോടെ പ്രസംഗം തീരുന്നു. എല്ലാവരും അച്ചടക്കത്തോടെ ക്ലാസ്സിലേക്കു പോകുന്നു.

മേൽവിവരിച്ച പ്രഭാഷകചിത്രമാണ് എന്റെ ചിരകാലസുഹൃത്തായ അയ്യപ്പൻ പിള്ളയെ (എ.പി. കളയ്ക്കാട്) ഓർക്കുമ്പോൾ ആദ്യമായി മനസ്സിൽ വരുന്നത്. അയ്യപ്പൻ വിദ്യാർത്ഥി യൂണിയന്റെ പ്രധാനപ്രവർത്തകനായിരുന്നു. വിദ്യാർത്ഥികോൺഗ്രസ്സും വിദ്യാർത്ഥി യൂണിയനും തമ്മിൽ ഇന്നത്തെപ്പോലുള്ള ഒരെതിർപ്പും അന്നില്ലായിരുന്നു. അയ്യപ്പനെ അദ്ധ്യാപകർക്കെല്ലാം ഇഷ്ടമായിരുന്നു. നല്ല പെരുമാറ്റം, നല്ല പ്രസംഗം. നാരായണപിള്ളസാറിനെയും കെ.പി. ശാസ്ത്രിസാറിനെയും അയ്യപ്പന് ഏറെ ഇഷ്ടമായിരുന്നു; അവർക്ക് അയ്യപ്പനെയും. പിൽക്കാലത്ത് ശാസ്ത്രിസാർ പറഞ്ഞ ഒരു സംഭവം: ഒരു ദിവസം പ്രതിഷേധപ്രസംഗം കഴിഞ്ഞു ക്ലാസ്സിലേക്കു പോകുംവഴി അയ്യപ്പനെ വരാന്തയിൽനിന്ന നാരായണപിള്ളസ്സാർ അടുത്തേക്കു വിളിച്ചു. അദ്ദേഹം ചിരിച്ചുകൊണ്ടു ചോദിച്ചു: "അയ്യപ്പൻ പിള്ളേ, എന്നും നിങ്ങൾ നെഹ്രുവിനെ മാത്രമാണല്ലോ വെല്ലുവിളിക്കുന്നത്? വല്ലപ്പോഴുമെങ്കിലും സർദാർ പട്ടേലിനെയും മൗലാനാ ആസാദിനെയുംകൂടി വെല്ലുവിളിച്ചുകൂടേ?" ഉത്തരം പെട്ടെന്നായിരുന്നു. തലയുടെ പിൻഭാഗം ചൊറിഞ്ഞുകൊണ്ട് അയ്യപ്പൻ പറഞ്ഞു: "അയ്യോ! അതെങ്ങനാന്നാ? അദ്ദേഹമല്ല്യോ നമ്മുടെ പ്രധാനമന്ത്രി?"

"ഉം! പൊയ്ക്കോ." അദ്ദേഹം വീണ്ടും ഊറിച്ചിരിച്ചുകൊണ്ടു പറഞ്ഞു.

ഒന്നാം ഗ്രേഡ് പഞ്ചായത്താഫീസറായിട്ടാണ് അയ്യപ്പൻപിള്ള ഉദ്യോഗമൊഴിഞ്ഞത്. ശൂരനാടുസംഭവം വിഷയമാക്കിയുള്ള മനോഹരമായ നോവലാണ് അവസാനകൃതിയായ 'പോർക്കലി'. അതിന്റെ അവസാനഭാഗത്ത് ചില മാറ്റങ്ങൾ വരുത്തിയാൽ പ്രസിദ്ധീകരിക്കാമെന്ന് ചില സഖാക്കൾ സമ്മതിച്ചിരുന്നു. എനിക്ക് ആയിടയ്ക്കെഴുതിയ ഒരു കത്തിൽനിന്ന്: "ആ ഭാഗമില്ലെങ്കിൽ എന്റെ നോവലില്ല; എനിക്കു മനസ്സാക്ഷിയുമില്ല. അവിടം മാറ്റാൻ ഞാൻ ഉദ്ദേശിക്കുന്നില്ല."

എത്ര ചെലവു വന്നാലും 'പോർക്കലി' താൻ തന്നെ അച്ചടിപ്പിച്ചു വിതരണത്തിനു കൊടുക്കാൻ ഉദ്ദേശിക്കുന്നതായി അദ്ദേഹം എനിക്കെഴുതി. ഏതു പുസ്തകശാലയെ ഏല്പിക്കണമെന്ന കാര്യത്തിൽ എന്റെ അഭിപ്രായം ആരായുകയും ചെയ്തു. ഞാൻ അന്ന് സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ ഡയറക്ടർ ബോർഡിൽ അംഗമായിരുന്നു. സംഘം വിതരണമേറ്റെടുക്കാൻവേണ്ടതെല്ലാം ഞാൻ ചെയ്തുകൊള്ളാം എന്ന് കളയ്ക്കാടിനെ അറിയിച്ചു. അദ്ദേഹം സമ്മതിച്ചു. കഷ്ടപ്പെട്ടു സ്വയം പ്രൂഫ് നോക്കി ഒന്നാംതരം കടലാസിൽ അച്ചടിപ്പിച്ച് സംഘത്തെ വിതരണത്തിനേല്പിച്ചു. അവസാനകാലങ്ങളിൽ രോഗംമൂലം ഇരുന്നെഴുതാൻ പറ്റാത്തതുകൊണ്ട് ഒരു 'സ്റ്റാൻഡ്' പണിയിച്ചു. അതിൽവച്ച് നിന്നുകൊണ്ടെഴുതുന്നതു ഞാൻ കണ്ടിട്ടുണ്ട്.

അവസാനവർഷങ്ങളിൽ കളയ്ക്കാടിന്റെ ശരീരം ആകെ കുഴഞ്ഞുപോയിരുന്നു. മർദ്ദനമേറ്റു പണ്ടേ തകർന്ന ശരീരത്തെ കടുത്ത രോഗങ്ങൾ കൂട്ടംചേർന്നു കാർന്നുതിന്നുകയായിരുന്നു. മനസ്സുമാത്രം അരോഗം, സുദൃഢം. അദ്ദേഹം ഒരിക്കൽ എനിക്കെഴുതി: "ഇത്രയും മഹാരോഗങ്ങളെ ഒറ്റയ്ക്കെതിർത്തു മുന്നേറി അറുപതാം കുറ്റി കടന്നില്ലേ പന്മനേ? ഇത്രയൊക്കെ എഴുതാനും കഴിഞ്ഞില്ലേ? എന്റെ കൃതികൾ ശ്രദ്ധയോടെ വായിക്കുന്നവരും എന്നെ വളരെ സ്നേഹിക്കുന്നവരുമായ ആയിരക്കണക്കിന് ആസ്വാദകരെ നേടുകയും ചെയ്തില്ലേ? മതി."

## സി. അച്യുതമേനോൻ

ഇവിടെ ഒരു സംഭവം പറയാനുണ്ട്. മുഖ്യമന്ത്രിയായിരുന്ന സി. അച്യുതമേനോൻ പാർട്ടിസെക്രട്ടറിയായിരുന്നപ്പോൾ എന്റെ അയൽക്കാരനായിരുന്നു. ഞങ്ങളുടെ കുടുംബാംഗങ്ങൾ തമ്മിലും നല്ല അടുപ്പമുണ്ട്. അദ്ദേഹം തൃശ്ശൂരിൽനിന്ന് തിരുവനന്തപുരത്തു വന്ന് മെഡിക്കൽകോളജിനടുത്ത് മൂത്തമകൾ സതിയോടൊപ്പം താമസമാക്കിയിട്ട് ദിവസങ്ങൾ കഴിഞ്ഞിട്ടേ

ഉള്ളൂ. ഒരു ദിവസം ഞാൻ അദ്ദേഹത്തെ കാണാൻ ചെന്നു. വായിച്ചുകൊണ്ടിരുന്ന പുസ്തകം ടീപ്പോയുടെ പുറത്തു കമഴ്ത്തി വച്ചിട്ട് എന്നോട് ഇരിക്കാൻ പറഞ്ഞു. പുസ്തകം 'അഗ്നിഹോത്രം' ആയിരുന്നു. അതിൽ നോക്കിക്കൊണ്ട് ഞാൻ ചോദിച്ചു: "സാർ, പുസ്തകം എങ്ങനെയിരിക്കുന്നു?" "ഇനി കുറച്ചേ ഉള്ളൂ. വളരെ നന്നായിരിക്കുന്നു അപാരമായ നിരീക്ഷണം. നിങ്ങൾ ഇയാളെ അറിയുമോ?"

"അറിയും. എന്റെ നാട്ടുകാരനും അടുത്ത സുഹൃത്തുമാണ്."

"ആങ്ഹ! നമ്പൂരിയാ?"

"അല്ല നായരാ. എ.പി. എന്നുവച്ചാൽ അയ്യപ്പൻ പിള്ള."

ചെറിയ ചിരിയോടെ, "അതു കൊള്ളാം. ഞാൻ കരുതിയത് കളയ്ക്കാട് ഇല്ലപ്പേരാണെന്നാണ്. നിങ്ങളുടെ ഭാഗത്തൊക്കെ ഇല്ലങ്ങളുണ്ടോ– മദ്ധ്യതിരുവിതാംകൂറിൽ?"

"തീരെച്ചുരുക്കം." ഞാൻ പറഞ്ഞു.

"പക്ഷേ, ഇയാൾ നമ്പൂതിരിയില്ലത്തിന്റെ അന്തരീക്ഷവും വിശദാംശങ്ങളും എത്ര സൂക്ഷ്മമായും മനോഹരമായും ചിത്രീകരിച്ചിരിക്കുന്നു! നമ്പൂരിയല്ലാത്ത ഒരാളും ഇത്ര നന്നായിട്ടവതരിപ്പിച്ചു കണ്ടിട്ടില്ല. കേമൻ!"

അച്യുതമേനോൻ 'കേമൻ' എന്നു വിശേഷിപ്പിച്ചുകേട്ടപ്പോൾ ഞാൻ വളരെ സന്തോഷിച്ചു. ഈ അഭിപ്രായം കളയ്ക്കാടിനെ അറിയിക്കാൻ ഞാൻ അടുത്ത അവസരത്തിൽ അദ്ദേഹത്തിന്റെ വീട്ടിലെത്തി. ഞങ്ങൾ മൂന്നു മണിക്കൂറോളം സംസാരിച്ചിരുന്നു. അച്യുതമേനോന്റെ അഭിപ്രായം വിസ്തരിച്ചു പറഞ്ഞു. എന്റെ സുഹൃത്തിനുണ്ടായ സന്തോഷം വർണ്ണിക്കാനാവില്ല. തുടർന്ന് അച്യുതമേനോനുമായി ബന്ധപ്പെട്ട കുറെ ഏറെക്കാര്യങ്ങൾ സംസാരവിഷയമായി. അതു ഞങ്ങളുടെ അവസാനത്തെ കൂടിക്കാഴ്ചയായിരുന്നു.

'കമ്മ്യൂണിസ്റ്റ് നോവലിസ്റ്റ്' എന്നു വിശേഷിപ്പിക്കാവുന്ന രണ്ടുപേരേ മലയാളത്തിലുള്ളൂ –ചെറുകാടും കളയ്ക്കാടും. മുൻഗാമിയായ ചെറുകാടിനെപ്പറ്റി കളയ്ക്കാടിനു വലിയ മതിപ്പായിരുന്നു. ചെറുകാടിന്റെ നോവലുകളിലെ വിഷയങ്ങളെക്കാൾ ആവിഷ്കാരക്ലേശം കൂടുതലുള്ളവയാണ് കളയ്ക്കാടിന്റെ പ്രധാനപ്പെട്ട നോവലുകളിലെ വിഷയങ്ങൾ. പിടിമുറ്റാത്ത ചരിത്രസംഭവങ്ങളുടെ സുന്ദരശില്പമായ 'പോർക്കലി'യുടെ രചനയിലൂടെ കളയ്ക്കാട് എന്ന നോവലിസ്റ്റ് ചെറുകാടിനെ അതിശയിച്ചിരിക്കുന്നു എന്നാണെന്റെ തോന്നൽ. ചെറുകാട് ആജീവനാന്തം പൂർണ്ണാരോഗ്യവാനായിരുന്നു. അർഹിക്കുന്ന എല്ലാ അംഗീകാരവും ജീവിച്ചിരിക്കെത്തന്നെ സാഹിത്യനായകന്മാരിൽനിന്ന് അദ്ദേഹത്തിന് ലഭിച്ചു. അക്കാര്യത്തിൽ കളയ്ക്കാട് ഭാഗ്യവാനല്ല. ഒട്ടും സംതൃപ്തനുമല്ലായിരുന്നു. ഭൗതികമായ നേട്ടങ്ങളിലോ ബഹുമതികളിലോ അദ്ദേഹത്തിനു ലേശവും താത്പര്യമുണ്ടായിരുന്നില്ല. 'സംക്രാന്തി'ക്ക് അവാർഡു ലഭിച്ചിരുന്നു. അതൊന്നുമല്ല ഞാൻ സൂചിപ്പിക്കുന്നത്. മനസ്സുകൊണ്ടും ശരീരംകൊണ്ടും ഒന്നുപോലെ കഠിനാദ്ധ്വാനം ചെയ്തെഴുതിയ കൃതികളെ അർഹിക്കുന്ന മതിപ്പോടെ ആരും പഠനവിഷയമാക്കിയില്ല (പ്രശംസിച്ചില്ല എന്നല്ല) എന്ന ദുഃഖം അദ്ദേഹത്തിനുണ്ടായിരുന്നു. അതൊരു ചെറിയ ദുഃഖമാണോ?

## കുറ്റിക്കാട്ടിൽ നാരായണപിള്ള

വിദ്യാർത്ഥിപ്രസ്ഥാനത്തിൽ എന്റെ സഹപ്രവർത്തകനും ജ്യേഷ്ഠസുഹൃത്തുമായിരുന്നു കരുനാഗപ്പള്ളിക്കാരൻ കുറ്റിക്കാട്ടിൽ നാരായണപിള്ള. എന്നെക്കാൾ മൂന്നു നാലു വയസ്സു കൂടുതൽ കാണും. അദ്ദേഹത്തെ ഓർക്കുമ്പോൾ മൂന്നു കാര്യങ്ങൾ മനസ്സിൽ തെളിഞ്ഞുവരാറുണ്ട്. മുഴങ്ങുന്ന ചിരി, തിളങ്ങുന്ന വലിയ കണ്ണുകൾ, അറ്റം കൂർത്ത വലിയ മീശ. കരുനാഗപ്പള്ളിയിലെ പഴയ ബസ്സ്റ്റാൻറിലോ കൊല്ലം ചിന്നക്കടയിലോ തിരുവനന്തപുരത്തു സെക്രട്ടേറിയറ്റിനു മുൻപിലോ ആയിക്കൊള്ളട്ടെ, സുഹൃത്തുക്കളോടൊപ്പം കുറ്റിക്കാടൻ രണ്ടു മിനിട്ടു നിന്നാൽ പരിസരത്തുള്ളവർ അറിയും. മുഴങ്ങുന്ന ശബ്ദത്തെക്കാളേറെ, അസാധാരണമായ ആ പൊട്ടിച്ചിരിയാണ് ആരുടെയും ശ്രദ്ധയെ ആകർഷിക്കുക. ശബ്ദത്തിൻെറയും പൊട്ടിച്ചിരിയുടെയും മുഴക്കം കേട്ട് ആ ഭാഗത്തേക്കു നോക്കുന്നവരുടെ കണ്ണിൽപ്പെടുന്നതോ, നിന്ന നില്പിൽ ഇടംവലം തിരിഞ്ഞും മീശയുടെ അഗ്രഭാഗംവരെ വിശദമായിത്തടവിയും സുഹൃത്തുക്കളുടെ ശ്രദ്ധാകേന്ദ്രമായി വിരാജിക്കുന്ന ഒരു നീണ്ട കൃശഗാത്രൻ. കുറ്റിക്കാടനെ ഒരിക്കൽ ശ്രദ്ധിച്ചിട്ടുള്ളവർ പിന്നെ എവിടെവച്ചു കണ്ടാലും ഓർക്കാതിരിക്കില്ല.

വിദ്യാർത്ഥി കോൺഗ്രസ്സിന്റെ സംസ്ഥാനസമിതിയിൽ ഞങ്ങളൊന്നിച്ചു പ്രവർത്തിച്ചിട്ടുണ്ട്. അന്നാണ് അദ്ദേഹത്തിന്റെ അസാമാന്യമായ സംഘടനാപാടവം മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞത്. പ്രസ്ഥാനത്തിന്റെ നയവും പ്രവർത്തനപരിപാടിയും പറഞ്ഞു ബോദ്ധ്യപ്പെടുത്തുന്നതിനും അന്നിമിഷംവരെ തികച്ചും അപരിചിതനായിരുന്ന ഒരാളിൽനിന്നുപോലും ഭേദപ്പെട്ട സംഭാവന വാങ്ങുന്നതിനും കുറ്റിക്കാടന് വിസ്മയകരമായ വൈഭവമുണ്ട്.

വിദ്യാർത്ഥിയായിരിക്കെത്തന്നെ കുറ്റിക്കാടൻ നല്ലൊരു സാഹിത്യാസ്വാദകനാണെന്നും ഞാൻ മനസ്സിലാക്കിയിരുന്നു. പിൽക്കാലത്ത് ഒരിക്കൽ എന്നെ വല്ലാതെ അദ്ഭുതപ്പെടുത്തിക്കളഞ്ഞ ഒരു പ്രയോഗം കരുനാഗപ്പള്ളി താലൂക്കു കച്ചേരിയുടെ മുൻപിൽവച്ച് ഏതാനും സുഹൃത്തുക്കളുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹം നടത്തുകയുണ്ടായി. എന്താണെന്നു പറയാം: തിരുവനന്തപുരം ഇൻറർമീഡിയറ്റ് കോളജിന്റെ വാർഷികപ്പതിപ്പിൽ 'സംസ്കാരത്തിന്റെ നാളങ്ങൾ' എന്ന പേരിൽ എന്റെ ഒരു കവിതയുണ്ടായിരുന്നു. ഇതു വായിച്ചു സന്തോഷിച്ച കെ. ബാലകൃഷ്ണൻ 1952 ജൂണിലെ കൗമുദി വാരികയിൽ ആ കവിത പുനഃപ്രസിദ്ധീകരിച്ചു. ഇത്രയും വിവരം സംഭവത്തിന്റെ പശ്ചാത്തലമാണ്. കച്ചേരിയുടെ മുൻപിൽവച്ച് എന്നെക്കണ്ടപ്പോൾ, കവിതയൊന്നുമെഴുതാതെ നടക്കുന്നതിന് കുറ്റിക്കാടൻ എന്നെ സ്നേഹപൂർവം കുറ്റപ്പെടുത്തി. എന്നിട്ട് അടുത്തുനിന്നവരോടു പറഞ്ഞു: "ഞാൻ ഒരു മലയാളകവിത ചൊല്ലിക്കേൾപ്പിക്കാം. അത് ആരെഴുതിയതാണെന്നു പറയണം." ഈ മുഖവുരയ്ക്കുശേഷം മേല്പ്പറഞ്ഞ കവിത ആദ്യം മുതലങ്ങു ചൊല്ലി! നാല്പതു വരിയിൽ കുറയില്ല. അതു വാരികയിൽ വന്നിട്ട് അന്നേക്കു കാൽ നൂറ്റാണ്ടായെന്നും ഞാനത് ഇന്നോളം പുസ്തകമാക്കിയിട്ടില്ലെന്നും ഓർമ്മിക്കുക. അതിലെ പത്തുവരി തുടരെച്ചൊല്ലാൻ, എഴുതിയ എനിക്കു പറ്റുമായിരുന്നില്ല. ഇന്നും രോമാഞ്ചത്തോടുകൂടി മാത്രമേ പ്രിയസുഹൃത്തിൻെറ ആ പ്രയോഗം ഓർക്കാൻ കഴിയുന്നുള്ളൂ. കുറ്റിക്കാടൻ ഇന്നില്ല. ■

തുടരും